SET C

കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ — KSTU

kerala school teachers union STATE COMMITTEE

Question Paper Booklet Sl. No. 158935

# CM KIDS SCHOLARSHIP (UP)

# USS Model Examination - 2026

Roll No. 

**PAPER-I**

## നിർദ്ദേശങ്ങൾ

ചോദ്യ ബുക്ക്ലെറ്റിന്റെ കവർ പേജിലും ഒ.എം.ആർ. ഷീറ്റിലും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വളരെ ശ്രദ്ധയോടെ വായിക്കണമെന്ന് അനുശാസിക്കുന്നു.

1. പരീക്ഷാസമയമായ 105 മിനിറ്റിന് പുറമെയുള്ള 15 മിനിറ്റ് കൂൾ ഓഫ് ടൈം ആയിരിക്കും ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുവാനോ മറ്റുള്ളവരുമായി ആശയവിനിമയം നടത്തുവാനോ പാടില്ല. ഉത്തരങ്ങൾ എഴുതുന്നതിനു മുൻപ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
2. പേപ്പർ ഒന്നിൽ 50 ചോദ്യങ്ങൾ 50 മാർക്ക്. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

   പാർട്ട് എ - ഒന്നാം ഭാഷ (AT) 15 ചോദ്യങ്ങൾ (1 to 15).

   പാർട്ട് ബി - ഒന്നാം ഭാഷ (BT) 15 ചോദ്യങ്ങൾ (16 to 30).

   പാർട്ട് സി - ഗണിതശാസ്ത്രം - 20 ചോദ്യങ്ങൾ (31 to 50).
3. ഉത്തരങ്ങൾക്ക് നെഗറ്റീവ് മാർക്ക് (മൈനസ് മാർക്ക്) ഉണ്ടായിരിക്കുന്നതല്ല.
4. ഉത്തരമെഴുതുവാൻ ഒ.എം.ആർ ഷീറ്റിലും ചോദ്യപേപ്പറിലും തന്നിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും അനുസരിക്കണമെന്ന് പരീക്ഷാർത്ഥികളെ അനുശാസിക്കുന്നു.
5. ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പായി ഒ.എം.ആർ ഷീറ്റിന്റെ മുകൾ ഭാഗത്തുള്ള കളങ്ങൾ പൂരിപ്പിക്കുക.
6. ഒ.എം.ആർ ഷീറ്റിൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുന്നതിന് നീല മഷിയോ, കറുപ്പ് മഷിയോ ഉള്ള ബോൾ പോയിന്റ് പേനകൾ മാത്രം ഉപയോഗിക്കുക.

**KSTU STATE COMMITTEE**
**Part -A**
**1st Language – Malayalam (AT)**
**Questions No.1 to 15**

1. വായുവിലാകെ അനിർവചനീയമായ പരിമളം നിറഞ്ഞുലാവുന്നു. **പരിമളം** എന്ന പദത്തിന്റെ ശരിയായ അർത്ഥങ്ങൾ കണ്ടെത്തുക?

(i) സുന്ദരം (ii) സുഗന്ധം (iii) സുലഭം

(iv) വാസന

(A) i ഉം iii ഉം ശരി

(B) ii ഉം iv ഉം ശരി

(C) i ഉം iv ഉം ശരി

(D) ii ഉം iii ഉം ശരി

2. താഴെ നൽകിയ പദാവലിയിൽ നിഘണ്ടു ക്രമത്തിൽ എഴുതിയതേത്?

(A) വണ്ട്, തേനീച്ച, തുമ്പി, ചിത്രശലഭം, കിളി

(B) കിളി, തുമ്പി, തേനീച്ച, വണ്ട്, ചിത്രശലഭം

(C) ചിത്രശലഭം, തേനീച്ച, തുമ്പി, കിളി, വണ്ട്

(D) കിളി, ചിത്രശലഭം, തുമ്പി, തേനീച്ച, വണ്ട്

3. തന്നിരിക്കുന്ന സൂചനകളിൽ നിന്നും കവിയെ കണ്ടെത്തുക

i കേരള വാല്മീകി എന്നറിയപ്പെടുന്നു.

ii ബധിരവിലാപം എന്ന കവിത രചിച്ചു

iii ചിത്രയോഗം എന്ന മഹാകാവ്യം എഴുതി

iv കേരള കലാമണ്ഡലം സ്ഥാപിച്ചു.

(A) കുമാരനാശാൻ

(B) ഉള്ളൂർ എസ് പരമേശ്വരയ്യർ

(C) വള്ളത്തോൾ നാരായണമേനോൻ

(D) ഒ.എൻ.വി കുറുപ്പ്

4. കറുത്ത തുണിയിൽ **<u>വെള്ള പൊട്ട്</u>** പോലെ ഒരായിരം മിന്നാമിനുങ്ങുകൾ? അടിവരയിട്ട പദത്തിലെ വിഭക്തി ഏതെന്ന് കണ്ടെത്തുക

(A) ആധാരിക (B) സംബന്ധിക

(C) പ്രതിഗ്രാഹിക (D) ഉദ്ദേശിക

5. ഒറ്റയാനെ കണ്ടെത്തുക

(A) അകലങ്ങളിലെ മനുഷ്യർ

(B) ദിഗാരുവിലെ ആനകൾ

(C) സ്വിസ് സ്കെച്ചുകൾ

(D) ബാലിദ്വീപ്

6. 2025 ൽ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചതാർക്ക്?

(A) എൻ എസ് മാധവൻ

(B) സേതു

(C) കെ ജി ശങ്കരപിള്ള

(D) എസ് കെ വസന്തൻ

7. തെറ്റായ ജോഡി കണ്ടെത്തുക.

(A) ചങ്ങമ്പുഴ – എന്റെ ഗുരുനാഥൻ

(B) ചെറുശ്ശേരി – കൃഷ്ണഗാഥ

(C) വള്ളത്തോൾ – ശിഷ്യനും മകനും

(D) എസ് ജോസഫ് – ചിത്രശലഭങ്ങൾ

8. ഇടതടവില്ലാതെ എന്ന ശൈലികൊണ്ട് അർത്ഥമാക്കുന്നതെന്ത്?

(A) ഇടയിൽ തടസ്സങ്ങൾ മാത്രം

(B) ഇടയും തടസുമില്ലാതെ

(C) ഇടയിൽ തടയണം

(D) തടസ്സങ്ങൾ ഇല്ലാതെ

9. തന്നിരിക്കുന്നവയിൽ നിന്ന് കലാരൂപം ഏതെന്ന് കണ്ടെത്തുക.

i ഒരു നാടോടി കലാരൂപം

ii കാക്കലനും കാക്കാത്തിയും കഥാപാത്രങ്ങൾ.

iii ആക്ഷേപഹാസ്യം, ഫലിതം.

iv സാമൂഹ്യപ്രശ്നം പ്രതിഫലിക്കുന്നു.

(A) ചവിട്ടുനാടകം

(B) തെയ്യം

(C) കാക്കരിശ്ശി നാടകം

(D) മുടിയേറ്റ്

10. പെയ്തു തീരാത്ത സ്വപ്നം പോലെ എന്ന പാഠഭാഗത്തെ അലിയുടെ ജീവിതവുമായി ബന്ധമില്ലാത്തത് ഏത്?

(A) അലിയുടെ സഹോദരിയാണ് സാറ

(B) അലി ധനികനാണ്

(C) അലിയുടെ കയ്യിൽ നിന്നും സാറയുടെ ഷൂസ് നഷ്ടപ്പെട്ടു

(D) അലി അച്ഛനെ സ്നേഹിക്കുന്നു.

11. നോക്ക്, നോക്ക്, എടാ നീ നേടി. നോക്ക്! ക്രിസ്റ്റി ബ്രൗണിന്റെ അച്ഛന്റെ വാക്കുകളിലെ ഭാവം എന്ത്?

(A) സന്തോഷം (B) സങ്കടം

(C) നിരാശ (D) പരിഹാസം

12. ചിത്രശലഭങ്ങൾ എന്ന കവിത എഴുതിയ താര്?

(A) എസ് ജോസഫ്

(B) കുരീപ്പുഴ ശ്രീകുമാർ

(C) റഫീഖ് അഹമ്മദ്

(D) ചങ്ങമ്പുഴ കൃഷ്ണപിള്ള

13. പദങ്ങൾ കൂട്ടിച്ചേർത്തപ്പോൾ വ്യത്യസ്തത പുലർത്തുന്നത് ഏത്?

(A) ചാടി +ചാടി =ചാടിച്ചാടി

(B) പാറി + പറന്ന് = പാറിപ്പറന്ന്

(C) ഓടി + കയറി = ഓടിക്കയറി

(D) വില + ഇല്ലാതെ = വിലയില്ലാതെ

14. സ്വർണ്ണക്കീറ്– വിഗ്രഹിച്ചാൽ

(A) സ്വർണ്ണമായ കീറ്

(B) സ്വർണമാകുന്ന കീറ്

(C) സ്വർണത്തിന്റെ കീറ്

(D) സ്വർണ്ണ നിറമുള്ള കീറ്

15. മുട്ടയിട്ടത് കടലിൽ, വിരിഞ്ഞത് കടലിൽ, നീന്തുന്നത് കടലിൽ. എന്നിട്ടും നീ ചോദിക്ക്യാ എന്താണ് കടൽ എന്ന്? കഷ്ടം - ഇത് പറഞ്ഞതാര്?

(A) അമ്മ മീൻ (B) നെത്തോലി

(C) അയല (D) തിരണ്ടി